

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം
(പി-14)1384/2021 തീയതി 08.10.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം തീയ്യതി: 09/12/2021
(പി-14)1384/2021 തീയതി 08.10.2021

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 22-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.എ.ഷാജിമോൻ	ഡെപ്യൂട്ടി ഡയറക്ടർ	23-09-2021	08-10-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2021	08-10-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസീയബിവീ.ജെ(ഓഡിറ്റ് ഓഫീസർ)(23.09.2021 മുതൽ 25.09.2021 വരെ ഹാജർ
ശ്രീ. റഷീദ്.സി.എം.(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.വീജു.എം.എസ്.(സിനീ.ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി സ്വപ്ന.വി.(ഓഡിറ്റർ)
ശ്രീ.മുഹമ്മദ് ഷാഫി.വി.എം (ഓഡിറ്റർ)(24.09.2021മുതൽ 06.10.2021വരെ അവധി
ശ്രീ.നബീൽ മുഹമ്മദ് അബ്ബാസ്.(ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി .ശാന്തി എബ്രഹാം	പ്രസിഡന്റ്	01-04-2020	11-11-2020
ശ്രീ.എൻ.എം.ജോസഫ്	പ്രസിഡന്റ്	12-11-2020	31-03-2021
ശ്രീ.മോഹൻകുമാർ.പി.ആർ	സെക്രട്ടറി	01-04-2020	10-06-2020
ശ്രീ.ലാൽ.ടി.കൃഷ്ണ	സെക്രട്ടറി-ഇൻ-ചാർജ്ജ്	11-06-2020	17-06-2020
ശ്രീമതി. രാജശ്രീ	സെക്രട്ടറി	18-06-2020	12-07-2020
ശ്രീ.ലാൽ.ടി.കൃഷ്ണ	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-07-2020	26-07-2020
ശ്രീമതി. രാജശ്രീ	സെക്രട്ടറി	27-07-2020	02-11-2020
ശ്രീ.ലാൽ.ടി.കൃഷ്ണ	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-11-2020	03-11-2020
ശ്രീ.കൃഷ്ണൻകുട്ടി.ഇ.കെ	സെക്രട്ടറി	04-11-2020	04-01-2021
ശ്രീ.ലാൽ.ടി.കൃഷ്ണ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-01-2021	17-01-2021
ശ്രീ.കൃഷ്ണൻകുട്ടി.ഇ.കെ	സെക്രട്ടറി	18-01-2021	01-03-2021
ശ്രീ.ലാൽ.ടി.കൃഷ്ണ	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	ത (
ശ്രീ.ലാൽ.ടി.കൃഷ്ണ.	അസി.സെക്രട്ടറി	01-04-2020	
ശ്രീ.സണ്ണി.കെ.എസ്	കൃഷി ഓഫീസർ	01-04-2020	
ശ്രീമതി .സുമിയ.സി,വൈ	അസി.എഞ്ചിനീയർ	01-04-2020	
ശ്രീമതി .നസീയ.പി.എം	അസി.എഞ്ചിനീയർ(അഡീഷണൽ ചാർജ്)	01-03-2021	
ഡോ.സുജേഷ്.എം.	മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.പോത്താനിക്കാട്	01-04-2020	
ഡോ.സീനമോൾ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	
ഡോ.മിനിമോൾ.കെ.ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	
ശ്രീമതി.എലിസബത്ത്.സി.ജോർജ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	
ഡോ.സുമീറ ഇബ്രാഹിം	വെറ്റിനറി സർജൻ	01-04-2020	
ശ്രീ.അജയൻ.പി.എസ്.	വി.ഇ.ഒ (പോത്താനിക്കാട്)	01-04-2020	
ശ്രീമതി റംല.കെ.കെ	ഹെഡ് മാസ്റ്റർ ഗവ.ജി.എൽ.പി.എസ് പോത്താനിക്കാട്	01-04-2020	
ശ്രീമതി.സൈനബ.സി.എം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	
ശ്രീമതി ലെവിയ ലാൽജി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	05-11-2020	
ശ്രീമതി ബിന്ദു.എ.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	02-01-2021	

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ	1-2-1
3	വാർഷിക ധനകാര്യപത്രിക.	1-2
4	സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)	1-3
5	ഗ്രാന്റ് വിനിയോഗം	1-4
6	പദ്ധതി അവലോകനം.	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമപദ്ധതികൾ	1-7
9	ക്യാഷ് ബാലൻസ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.	1-11
13	നാമ മാത്ര തുക മാത്രമുള്ള ദുരിതാശ്വാസ നിധി	1-12
14	കോഴിഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.	1-13
15	തൊഴിൽ നികുതി അപാകതകൾ	1-14
16	എഫ്.ടി.ഇ.ഒ. ലൈസൻസ് - അപാകതകൾ	1-15
17	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടിയിട്ടില്ല	1-16
18	വളർത്തു നായകളുടെ ലൈസൻസ് വിവരം ലഭ്യമാക്കണം.	1-17
19	അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.	1-18
20	ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം ക്രമാതീതമായി വർദ്ധിക്കുന്നു.	1-19
21	ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല	1-20
22	സോളാർ പവർ പ്ലാന്റ് - നടപടി സ്വീകരിക്കണം	1-21
23	കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം	1-22
24	ഓഡിറ്റ് ഇംപാക്ട്	1-23
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി.	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് / സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10

11	തീർപ്പാക്കനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 27.03.2020ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	4,97,942
വരവ്	9,45,30,440
ആകെ	9,50,28,382
ചെലവ്	9,39,22,978
നീക്കിയിരിപ്പ്	11,05,404

ഇ.എഫ്.എ.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 1,09,74,751/- രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 21711500രൂപയും ലഭിച്ചതുൾപ്പെടെ 3,26,86,251/- രൂപ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

സ.ഉ.(എം.എസ്.)152/2011/തസ്വഭവ തീയതി 26.7.2011 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക ചെയ്തിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2020-21	31.07.2021	26.07.2021

1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	76,48,273
വരവ്	4,65,13,797
ആകെ	5,41,62,070
ചെലവ്	4,72,21,684
നീക്കിയിരിപ്പ്	69,40,386

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്/ ലാപ്സായ തുക	കുറിപ്പ്
വികസന ഫണ്ട്-ജനറൽ	0	5032814	5032814	5032814	0	
വികസന ഫണ്ട്-എസ്.സി.പി	0	1851537	1851537	1633412	218125	
വികസന ഫണ്ട്-ടി.എസ്.പി	0	159924	159924	159924	0	
ധനകാര്യകമ്മീഷൻ ഗ്രാന്റ്	0	3592945	3592945	3446654	146291	
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ)	0	2290000	2290000	1972632	317368	
മെയിന്റനൻസ് ഫണ്ട് റോഡ്	0	3535000	3535000	3535000	0	
മെയിന്റനൻസ് ഫണ്ട് നോൺ-റോഡ്		3456681	3456681	2751534	705147	
സാക്ഷരത	0	0	0	0	0	
അംഗൻ വാടി പൂരക പോഷകാഹാരം	277159	401301	678460	500000	178460	
ശുചിത്വമിഷൻ	167550	130000	297550	0	297550	

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
143	64399479	120	35897874	7	16	83.91

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	326771.60	529472	856243.60	852669	3574.60
ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത	(മൂലധനച്ചെലവ്)	621094	621094	621094	
	(റവന്യുച്ചെലവ്)	9500988	9500988	9500988	
ആകെ	326771.60	10651554	10978325.60	10974751	3574.60

വാർഷിക ധനകാര്യ പത്രികയിലെ ആർ.പി 9 ൽ പലിശയിനത്തിൽ ലഭ്യമായ (17110010) 117787 രൂപയിൽ 3211 രൂപ എം.ജി.എൻ ആർ.ഇ.ജി.എസിലെ പലിശയിനത്തിൽ ലഭ്യമായിട്ടുണ്ട്.ആയത ഭരണച്ചെലവുകളുടെ വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാലാണ് ആർ.പി 31 ലെ തുകയുമായി വ്യത്യാസം കാണുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട നല്കുന്ന തുകയിൽ ക്യാപിറ്റൽ എക്സപ്പൻഡിച്ചറും ഉൾപ്പെടുത്തിയിട്ടുണ്ട്.

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	34,07,700	219
വിധവാപെൻഷൻ	45,65,600	320
വാർദ്ധക്യകാലപെൻഷൻ	1,12,62,200	823
വികലാംഗപെൻഷൻ	22,16,100	150
വിവാഹധനസഹായം	0	0
50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,34,900	16

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.30PMന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,148/-രൂപ ക്യാഷ് ബാലൻസിനറെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബ്രാഞ്ച് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെൻറിംഗായി കാണിക്കുന്നു.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന ഉറപ്പാക്കുന്ന് നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന ഒരു മോണിട്ടറിങ്ങ് സമീതിയും വിലയിരുത്തിയിട്ടില്ല.

7. നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഓഡിറ്റിനായി ഹാജരാക്കിയ ക്യാഷ് ബുക്ക് കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം നിർദ്ദേശിക്കുന്ന ടി. ആർ 7A ഫോർമാറ്റിലുള്ളതല്ല.

8.വെറ്റിനറി സർജൻ ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉപയോഗിച്ചിരുന്ന രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫീ കൗണ്ട് നടത്താതെയാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടിട്ടുള്ളത്.

9) പഞ്ചായത്തിലെ വിവിധ വിഷയങ്ങളിൽ സെക്രട്ടറി തലത്തിലും പഞ്ചയാത്ത് ഭരണ സമിതി തലത്തിലും തുടർനടപടികൾ സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നു. എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാരെ പണം കൈകാര്യം ചെയ്ത വീഴ്ചയിന്മേൽ പഞ്ചായത്ത് ജോലിയിൽ നിന്ന് പിരിച്ച വിട്ടെങ്കിലും അവരിൽ നിന്ന് തുക ഈടാക്കുന്നതിൽ വിമുഖത കാണിക്കുന്നു.

10) വസ്തു നികുതി ഔട്ട് ഡോർ കളക്ഷന്റെ വഴി ഈടാക്കുമ്പോൾ ലൈബ്രറി സെസ് പ്രത്യേകമായി രസീതിൽ കാണിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ കൈവശം വച്ച ഉപയോഗിക്കുന്ന രസീതു ബുക്കിൽ ടെണ്ടർ ഫോം വില ഈടാക്കിയിട്ടുണ്ടെങ്കിലും ഡെയ് ലി കളക്ഷൻ രജിസ്റ്ററിൽ ആയത പോസ്റ്റ ചെയ്യുന്നില്ല.(ഉദാ. ബുക്ക് നം 33930 ,രസീത നം 83 മുതൽ 100 വരെ തീയതി 04.09.2020)

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.03.2020	12.2019 മുതൽ 02.2020 വരെ	24.08.2020
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	17.01.2014 മുതൽ 30.01.2014 വരെ	2008-09മുതൽ 2012-13 വരെ	27.03.2014

1-11 ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് **3(3)** പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള **13**ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. **2020 -21** സാമ്പത്തിക വർഷത്തിൽ ആകെ **1**തവണ മാത്രമാണ **13**ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ.ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ നല്കിയ മറുപടിയിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ആൾക്കൂട്ടം ചേരുന്നതിനുള്ളവിലക്കു ഉള്ളതിനാലാണ് ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ ചേരാതിരുന്നത എന്നാണ അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. വരും വർഷങ്ങളിൽ സമയബന്ധിതമായി ഗ്രാമസഭ ചേരേണ്ടതാണ്.

1-12 നാമ മാത്ര തുക മാത്രമുള്ള ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും 2020-21സാമ്പത്തിക വർഷം യാതൊരുവിധത്തിലുമുള്ള സഹായങ്ങളും ഈ നിധിയിൽ നിന്ന ആർക്കും നല്കിയിട്ടില്ല. കേവലം 100രൂപ മാത്രമാണ ഇതിൽ അവശേഷിക്കുന്നത്. പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾക്ക പഞ്ചായത്ത വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ആയതിനാൽ അടിയന്തരമായിത്തന്നെ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് കണ്ടെത്തേണ്ടതും പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നല്കുവാൻ പ്രസിഡന്റിന്റെ പേരിൽ രൂപീകൃതമായ ഈ നിധിയിലേക്ക് ഫണ്ട് സമാഹരണം നടത്തേണ്ടതാണ്.

1-13 കോഴിഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയുംചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുവാൻ പാടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന, താഴെ കൊടുത്തിരിക്കുന്ന കോഴിഫാമുകൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2020-21സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ലെന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട ഉടമയുടെ പേര് /വീട്ട് പേര്/ വാർഡ് നം.	കെട്ടിട നം.
1	ജോൺസൺ .കെ.കെ., കൊച്ചുവീട്ടിൽ /1	18,19
2	ഇബ്രാഹിം പരീത്, കുന്നേൽ /1	41,42,43
3	മക്കാർ മൈതീൻ, ആര്യമറ്റത്തിൽ /1	174,175,176
	ഷംസ് താണിക്കുന്നേൽ/1	127A,127B
4	ഇബ്രാഹിം &രുക്കിയ, വലിയ പറമ്പിൽ /2	27C
6	സി.വി കുര്യച്ചൻ, ചിറ്റേത്ത് /2	186A,186B

7	എൽദോ ജോൺ, വെള്ളാംകണ്ടത്തിൽ /2	322B,322C
8	ഏലിയാസ് മകൻ ബൈന്നി, താഴത്തെക്കുടി /2	344,345,346,347
9	മൈതീൻ പരീത്, പാലക്കുന്നേൽ /3	30B
10	മത്തായി പൌലോസ്, കാട്ടുചിറ /3	38,39,
11	സജി.കെ .വർഗ്ഗീസ്, കല്ലുങ്കൽ /3	43,44,45,46,47,48,49
12	ജിജോ .കെ വർഗ്ഗീസ്, കല്ലുങ്കൽ /3	53,54,55,56
13	ബിജു ജോസഫ്, കുറ്റ പ്പിള്ളിൽ /3	239A
14	മാത്യു സൺ ഓഫ് ഐപ്പ്, കുറ്റപ്പിള്ളിൽ /3	240
15	യോഹന്നാൻ കുര്യൻസ്, മടത്തിക്കുടിയിൽ/3	251A,251B
16	സജി എം.മാത്യു, മണ്ണാറപ്രായിൽ/4	9,10,11,12
17	മേരി യോഹന്നാൻ, ജോർജ് ജോൺ/4	41A
19	അജിത് എബ്രഹാം സൺ ഓഫ് എബ്രഹാം വെള്ളാംകണ്ടത്തിൽ /4	83A
20	കുര്യാക്കോസ് അന്തോണി, കാഞ്ഞിരത്തിങ്കൽ /4	119,120,121,122
	വർക്കി വർക്കി, ചുള്ളാപ്പിള്ളിൽ /4	118B
21	കെ.പി ജോർജ്, കുറ്റിശ്രക്കുടിയിൽ/4	127,129
22	പൈലി ജോർജ്, കുറ്റിശ്രക്കുടിയിൽ /4	127A,127B,127C ,128
24	പൈലി ജോസഫ്, തെക്കേക്കുന്നേൽ /4	200,201,202,203
25	സി.പി മത്തായി, ചെനയപ്പിള്ളിൽ /4	238,240, 241
26	ബിജി എം മാത്യു, മണ്ണാറപ്രായിൽ/4	274,275,276
27	സന്തോഷ് മത്തായി, വാലുമ്മേൽ /5	10
28	പി.വി കുര്യൻ, പൂക്കുന്നേൽ /5	105,106,107
29	പി.വി മാത്യു, പൂക്കുന്നേൽ /5	173,174,175
30	ബിനിൽ പി ഐസക്, പൂക്കുന്നേൽ /5	177A
31	അഗസ്റ്റിൻ ജോൺ, ഞാള്ളൂർ /5	197
32	വർക്കി തോമസ് , കോടിയാട്ട് /5	208,209,210
34	പി.ജെ വിൻസന്റ് , പുൽപ്രയിൽ /5	260,261
35	ഷിബു.കെ .ചാക്കോ, കൂറ്റപ്പിള്ളിൽ/5	264A,264B,264C
36	റീന തോമസ്, കൂറ്റപ്പിള്ളിൽ/5	266
37	എം.കെ നീലകണ്ഠൻ, മടത്തോത്ത് /5	276, 277,278,279
38	വർഗ്ഗീസ് എബ്രഹാം, പൂക്കുന്നേൽ /5	283A
39	ഐസക്ക് വർക്കി, പൂക്കുന്നേൽ/5	177B
40	എബ്രഹാം, പൂക്കുന്നേൽ/5	299A,299B
41	മേരി തോമസ്, കാക്കത്തോട്ടത്തിൽ/6	112
42	പാപ്പു കുഞ്ഞിനാൻ, വലിയ വീട്ടിൽ/6	132
43	വർക്കി എബ്രഹാം, പടിഞ്ഞാറെക്കരയിൽ/6	146A
44	സോമൻ, പടിഞ്ഞാറ്റി പുത്തൻപുരയിൽ /6	153A
45	കെ.കെ പോൾ & കുര്യാക്കോസ്, കൂറ്റപ്പിള്ളിൽ /6	219A
46	അൽഫോൺസാ, തോട്ടപ്പിള്ളിൽ/6	250A
47	പി.ടി. വർഗ്ഗീസ്, പടിഞ്ഞാറെക്കരയിൽ /6	284,284A,284B
48	ജോയി കൂവക്കണ്ടത്തിൽ/6	285
49	ബിന്ദു വിനോദ്, ഇലവുങ്കൽ /6	106
50	പി.വി പോൾ പടിഞ്ഞാറെക്കരയിൽ / 6	143
51	ജോർജ് കുര്യാക്കോസ് ,കൂറ്റപ്പിള്ളിൽ /6	221
52	വർക്കി ഐപ്പ്, ചുള്ളാപ്പിള്ളിൽ/7	42A
53	വർക്കി ജോസഫ്, കളപ്പുരക്കൽ/7	199C,199D, 199E,199F
54	കുര്യാക്കോസ് ജോൺ, പാറെക്കാട്ടിൽ/7	160A
55	മത്തായി ഐപ്പ് &അന്നമ്മ മത്തായി ആഞ്ചേരിൽ/9	29,29A,29B,30
56	ബിജു പോൾ, പടിഞ്ഞാറ്റിൽ/9	72,73,74,75
57	പോൾ സി.വി., ചെമ്പകശ്ശേരിൽ/9	155,156,157,158
58	ഇത്താപ്പിരി കുര്യൻ, ചെമ്പകശ്ശേരിൽ/9	163,164,164A,165
59	ഐപ്പ് പൌലോസ്, കല്ലുങ്കേൽ/9	114
60	ആനി ജോർജ്, ചെട്ടിയാംകുടിയിൽ/10	44
61	ശശി, മഠത്തുംപടി /10	39
62	സേവ്യർ മാണി, കൊച്ചുമുട്ടം/10	105,105A, 106,107,107A
63	കെ.ഓ ജോസഫ്, കല്ലംകൂരിയിൽ/10	117,118,119,120,121
64	വർക്കി മത്തായി, കൊച്ചുപാലിയത്ത് /10	145,146,147,148,149
65	ജെയ്സൺ, ചെട്ടിയാംകുടിയിൽ/10	152,153,154
66	ജോസ് വർഗ്ഗീസ്, തെക്കുംപുരത്ത്/10	196,197,198

67	ഏലിയാമ്മ സ്കറിയ, കല്ലംകൂരിയിൽ/10	200,201,202
68	പൈലി പൌലോസ്, കണ്ണാം പറമ്പേൽ/10	205,206,207
69	റോയി ഇല്ലിക്കൽ /10	213,214
70	മത്തായി ബേബി, ഇല്ലിക്കൽ/10	216,217
71	മത്തായി ചാക്കോ, ഇല്ലിക്കൽ/10	218,219
72	ഇ.എ ജോസ് ഇല്ലിക്കൽ/10	223,224,225,226
73	പി.കെ ജോർജ്, പൊക്കണത്തിൽ/10	272,273,274
74	ജോർജ് പോൾ, കണ്ണാംപറമ്പേൽ/10	299,300,301,302,303
75	ജേക്കബ്, മങ്കുത്തേൽ/10	158,159
76	ജോർജ്ജുട്ടി, ചെട്ടിയാം കുടിയിൽ/10	162A
77	പോൾ, കണ്ണാംപറമ്പിൽ/10	165,166,167
78	കുര്യാച്ചൻ, കണ്ണാംപറമ്പിൽ/10	165A,165B
79	എൽദോസ് വർക്കി, കണ്ണാംപറമ്പിൽ/10	178,179
80	സാറാ & ജോസഫ്, കല്ലംകൂരിയിൽ/10	183B,183C
81	ജോസഫ് കല്ലംകൂരിയിൽ/10	187,188
82	അനു മാത്യൂസ് , കല്ലംകൂരിയിൽ/10	190,191,192
83	ജോബി ജോസഫ്, ഇല്ലിക്കൽ/10	139,141
84	അലിക്കുട്ടി, ഇല്ലിക്കൽ/10	140
85	സാബു തോമസ്, ഇല്ലിക്കൽ/10	209,210
86	മോളി ജോർജ്, കണ്ണാംപറമ്പിൽ/10	170,171,172
87	കെ.വി ജേക്കബ്, കൊച്ചുതഴത്തിൽ/10	174
88	ഷൈല ജേക്കബ്, കൊച്ചുതഴത്തിൽ/10	175
89	ബെന്നി ജോൺ, മണ്ഡപത്തിൽ/11	75,76
90	മാത്യു ജോയി, പുൽപ്പറമ്പിൽ/11	154B
91	റെജി, പാലക്കാട്ട്പുത്തൻപുര/11	330A
92	തൊമ്മൻ മത്തായി, പാലക്കാട്ട്പുത്തൻപുര/11	330B
93	എൽദോസ് ജോർജ്, ചെട്ടിയാംകുടിയിൽ /11	155A
94	തൊമ്മൻ &മറിയക്കുട്ടി, ആണ്ടൂർ /11	176A
95	പൌലോസ്, മുകളേൽ/11	86A,86B,86C,86D
96	മേരി പൌലോസ്, മുകളേൽ/11	90,91,92,93,94
97	സജി പനന്താനത്ത് /12	16,17
98	ബെന്നിഎൽദോ &റീന ബെന്നി, പാറക്കപുത്തൻപുരയിൽ/12	66,66A
99	ചാക്കോ മത്തായി, കുമ്മംകോട്ടിൽ/12	80
100	പോൾവർഗ്ഗീസ്, പാറക്കപുത്തൻപുരയിൽ/12	87
101	ബേസിൽ. എം.വിൽസൺ, മഠത്തിക്കുടിയിൽ/12	241,242,243,244
102	തൊമ്മൻ വർക്കി, കൊല്ലറക്കൽ/12	280,299,299A
103	വർക്കി പൈലി, കൊല്ലറക്കൽ/12	286,287
104	ഡെന്നി പൈലി, കൊല്ലറക്കൽ/12	289,290,291,292,293, 294,295296,297
105	ഐപ്പ് സേവ്യർ, വെട്ടിക്കാട്ട്/12	303,304,305,306
106	മത്തായി സജി, പനന്താനത്ത്/12	16,17
107	യാക്കോബ്, കുമ്മംകോട്ടിൽ/12	128
108	സാബു മാത്യു, വാലുമ്മേൽ/12	134
109	ദീപു തോമസ്, അമ്പഴചാലിൽ/12	185
110	എ.കെ തോമസ്, അമ്പഴച്ചാലിൽ/12	187
111	മാത്യു വെട്ടിക്കാട്ട് / 13	4
112	ബിജു മാത്യു, വെട്ടിക്കാട്ട്/13	4A
113	സ്റ്റീഫൻ എം.ജെ., /13	50
114	തൊമ്മൻ ചെറിയാൻ, കോച്ചേരിൽ/13	107,108,109
115	സ്റ്റീഫൻ എം.ജെ മംഗലക്കണ്ടത്തിൽ/13	110,111112,113,114,114A,114B,114C
116	കെ.യു റൈബി കൊച്ചുവീട്ടിൽ/13	177,178,179,180
117	മത്തായി തോമസ് , കൊച്ചുവീട്ടിൽ/13	187,188,189

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(12/3.10.21) മറുപടിയിൽ നിലവിൽ പ്രവർത്തിക്കുന്ന ഫാമുകൾ പരിശോധന നടത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന മുകളിൽ പറഞ്ഞതടക്കമുള്ള എല്ലാ കോഴി ഫാമുകളിൽ നിന്നും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം7(3) പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്കായ് ലഭ്യമാക്കേണ്ടതുമാണ്.തുടർന്നുള്ള വർഷങ്ങളിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

1-14 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	ലൈസൻസ് നം.	സ്ഥാപനത്തിന്റെ പേര്	അപേക്ഷകന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	40/20-21	മേമടത്തിൽ എകസ്പോർട്ടേഴ്സ് (സ്പൈസസ്, കിച്ചൺ യൂട്ടിലിറ്റി, ബേക്കറി എന്നിവയുടെ വിൽപ്പന)	ബേബി ജോൺ, മേമടത്തിൽ	4
2	49/20-21	പള്ളിമാലിൽ ഡെന്റൽ ക്ലിനിക്	ഡോ. ബിൻസ് വൽസ പോൾ	2
3	50/20-21	ഫ്രണ്ട്സ് സ്റ്റോമിൽ &ഇൻഡസ്ട്രീസ്	അനീഷ് മാർക്കോസ്, ഓമ്പാളയിൽ	5
4	52/20-21	നവഭാരത് ഫ്യൂവൽസ്	സോഫിയ എ എസ്, കരേല്ലിക്കുടിയിൽ	3
5	54/20-21	എം എം ഫ്യൂവൽസ്	സോഫിയാമ്മ ജെയിംസ്, കാവുമാരിയിൽ	3
6	57/20-21	ഷിബു ഗ്രാനൈറ്റ്സ് (ക്രഷർ)	കെ ജെ വർഗീസ്, കൂരൻ	9
7	63/20-21	തോംസൺ ടൈൽസ് &പേവേഴ്സ്	പ്രസന്ന തോമസ്, ചെട്ടിയാംകുടിയിൽ	5
8	79/20-21	കല്ലട വുഡ് ഇൻഡസ്ട്രീസ്	റ്റി സി മണി, കല്ലട	5
9	104/20-21	ക്രാഫ്റ്റ് മാൻ ഇന്ത്യ ഓൺലൈൻ (ഹാന്റ് ക്രാഫ്റ്റഡ് പ്രൊഡക്റ്റ്സ്)	ഐസക് പോൾ, മണ്ണാറപ്രായിൽ	10
10	114/20-21	ആര്യമറ്റം ഹോളോബ്രിക്സ്	മൈതീൻ എ.എം., ആര്യമറ്റത്തിൽ	4
11	128/20-21	നീതി ലബോറട്ടറി	മാനേജിംഗ് ഡയറക്ടർ	3
12	133/20-21	ഐറ്റംഎറ്റേണൽ ബ്രിക്സ	ബാവ പി എം, പഴമ്പിള്ളിൽ	3
13	146/20-21	പ്ലാസ്റ്റിക് പൈപ്പ് നിർമാണം, റിസൈക്ലിംഗ്	ജാക്സൺ ജോസഫ്	6
14	153/20-21	ഇന്ത്യൻ ബ്രിക്സ്	റോയ് വർഗീസ്, തോപ്പിൽ	7

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.15/4-10-2021), പ്രസ്തുത സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-15 എഫ്.ടി.ഇ.ഒ. ലൈസൻസ് - അപാകതകൾ

31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ വന്നിട്ടുള്ളതുമാണ്.പുതുക്കിയ ചട്ടമനുസരിച്ച 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിനെറെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിനെറെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽനിന്നും ഒരേ നിരക്കിലും ഒരേ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്ത നിരക്കിലും ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം.	സ്ഥാപന ഉടമയുടെ പേര് /മൂലധന നിക്ഷേപം/ സേവന മേഖല	സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം	ഈടാക്കിയ ഫീസ് / രസീത നം/ തീയതി
1	ജോർജ് തോമസ് വാനപ്പിള്ളിൽ / 10ലക്ഷം രൂപ	കണ്ണട വ്യാപാരം	300/-120030100078/15.5.20

2	മനോജ് .എം.ചാക്കോ, മുണ്ടക്കോടിയിൽ/ 2 ലക്ഷം രൂപ	ഹാർഡ് വെയർ സ്വാധനങ്ങളുടെ വിൽപ്പന	300/- 95/10223/25.2.2020
3	ടി.സി മാണി , കല്ലട / 13 ലക്ഷം രൂപ	വിറക് കച്ചവടം	300/- 120030100124/22.5.20
4	എം.വി മത്തായി, മുക്കാലേൽ / 2 ലക്ഷം രൂപ	എണ്ണ,ടയർ വിൽപ്പന	200/- 97/10223/25.2.2020
5	ലൈസ പോൾ , പുതിയത്തുമോളേൽ / 1 ലക്ഷം രൂപ	ബ്യൂട്ടി പാർലർ	300/- 119030103060/25.2.20
6	മാത്യു കുര്യാക്കോസ് , കൊല്ലറക്കൽ / 50000/- രൂപ	കൊല്ലറക്കൽ സ്റ്റോഴ്സ്	200/- 70/10223/25.2.2020
7	പീറ്റർ ടി.കെ., തളീയച്ചിറയിൽ / പുളിന്താനം / 10000/-രൂപ	ബേക്കറി	100/- 81/10223/25.2.20
8	ജാലജോസ് ,കൊച്ചുമുട്ടം/ 10000/- രൂപ	ഹൈഡ്രോളിക് ബ്രേക്കു , മിനി എക്സവേറ്ററ് സ്പെയർ പാർട്സ് വിൽപ്പന	500/- 79/10223/25.2.20

മേൽ അപാകതകൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(നം.4/29.9.21) മറുപടി ലഭ്യമായിട്ടില്ല.ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽനിന്നും ഒരേ നിരക്കിലും ഒരേ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽനിന്നുംവ്യത്യസ്ത നിരക്കിലും ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത ചട്ട വിരുദ്ധമാണ്. 31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം നിലവിൽ വന്നിട്ടുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മീനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നാക്കി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച ടി സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ ഈടാക്കേണ്ട ഫീസ് സംബന്ധിച്ച കമ്മറ്റി തീരുമാനം എടുക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക ലഭ്യമാക്കേണ്ടതുമാണ്. തുടർന്നുള്ള വർഷങ്ങളിലും ഗ്രാമപഞ്ചായത്തിന്റെ ലൈസന്സ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് (വാള്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന വിവിധ ഇനങ്ങളിലായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടിയിട്ടില്ല.

ക്രമ നമ്പർ	ഇനം	ഡെപ്പോസിറ്റ് കാലയളവ്	തുക
1	കോൺട്രാക്ടേഴ്സ് ഇ.എം.ഡി	2014-2015	3000
		2015-2016	10400
2	കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	2015-2016	4200
		2016-2017	10800
3	സപ്ലയർ ഇ.എം.ഡി	2016-2017	29700
		2017-2018	6000
4	സപ്ലയർ സെക്യൂരിറ്റി ഡെപ്പോസിറ്റ്	2013-2014	2500
		2015-2016	19900
		2016-2017	5315
5	ബിഡ്ഡേഴ്സ് ഇ.എം.ഡി	2013-2014	1500
		2014-2015	1500
		2015-2016	5500
		2016-2017	9150
6	ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	2013-2014	298
		2015-2016	98000
7	റെന്റ് ഡെപ്പോസിറ്റ്	2012-2013	1476
		2013-2014	11908
		2014-2015	20946
		2015-2016	65538
		2016-2017	39286
		2017-2018	35470
8	ഓക്ഷൻ ഡെപ്പോസിറ്റ്	2012-2013	1150
		2013-2014	1820
		2014-2015	10000
		2015-2016	1000
		2016-2017	2000

		2017-2018	1600
9	മറ്റുള്ള ഡെപ്പോസിറ്റുകൾ	1993-1994	79860
		1994-1995	25950
		1996-1997	55000
		2000-2001	9000
		2002-2003	3750
		2003-2004	47000
		2004-2005	30000
		2005-2006	23000
		2006-2007	89595
		2007-2008	210
		2008-2009	4500
		2010-2011	10743
		2011-2012	55017
		2017-2018	3664
ആകെ			837246

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/4.10.21) മറുപടി ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 വളർത്തു നായകളുടെ ലൈസൻസ് വിവരം ലഭ്യമാക്കണം.

ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജന്റെ കീഴിൽ 20.2.2021 മുതൽ 27.3.21 വരെ വികസന ഫണ്ടിൽ നിന്ന് 5000/-രൂപ ചെലവഴിച്ച് (ബില്ല് നം. 15/2020-21 തീയതി 28.3.21) വളർത്തു നായകൾക്ക് പേ വിഷബാധയെക്കുതിരെ കുത്തിവെയ്പ് എടുത്തിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പരാമർശിത തീയതികളിൽ 122 നായകൾക്കാണ വിഷബാധയ്ക്കതിരെ കുത്തിവെയ്പ് നല്കിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ നിന്നും വളർത്തുനായ്ക്കൾക്കും പന്നികൾക്കുമുള്ള ലൈസൻസ് ഫീസിനത്തിൽ (RP-4 Fees &User Charges ,Code-140110109) ഒരു വളർത്തു നായയ്ക്ക 10/- രൂപ നിരക്കിൽ 4 എണ്ണത്തിന് 40 രൂപ മാത്രമാണ് 2020-21സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. വാക്സിനേഷൻ നല്കിയ കണക്ക് പ്രകാരം 1220/- രൂപ ലൈസൻസ് ഫീയായി പഞ്ചായത്തിന ലഭിക്കേണ്ടതായിരുന്നു.മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(നം.5/ 30.9.21) മറുപടിയിൽ നായകൾക്ക വാക്സിനേഷൻ നൽകുമ്പോൾ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക സംബന്ധിച്ച നായകളുടെ ഉടമസ്ഥർക്ക അറിയിപ്പ് നൽകണമെന്നും ഉടമസ്ഥരുടെ മേൽ വിലാസം പഞ്ചായത്തിൽ അറിയിക്കണമെന്നും കാണിച്ച് വെറ്ററിനറി സർജൻ കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഉടമസ്ഥരുടെ മേൽവിലാസം ലഭ്യമാക്കി 1998 ലെ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം ലൈസൻസ് നൽകി ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കു ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് എടുക്കാത്ത നായകളുടെ ഉടമകൾക്കെതിരേ 1998 ലെ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ നീതി ഡയറക്ട്രറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/**-3458/12** തീ.**26-3-13** കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം **(02.11.12** ലെ **D.O.No.114/2012-13/FN)** അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ **Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.Of India, 26, Haddows Road, Shastri Bhavan, Chennai** എന്ന മേൽവിലാസത്തിൽ **250** രൂപയുടെ ഡി.ഡി, സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. **2020-21** വർഷത്തിൽ **6** മാസം മുതൽ **3** വയസ്സു വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി "**AAA Common Facility Centre",** എടത്തല എന്നു കുടുംബശ്രീ യൂണിറ്റിലെഎടത്തല എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. **2020-21**വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽലഭ്യമാക്കിയിട്ടില്ല. **2020-21** വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമാവിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യമുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-19 ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം ക്രമാതീതമായി വർദ്ധിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വെള്ളക്കരക്കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 08.03.2021 ലെ ബിൽ നം 50100 പ്രകാരം 1,31,16,397/- രൂപയാണ്. നിലവിൽ പഞ്ചായത്ത് പരിധിയിൽ ആകെ 9 പൊതുടാപ്പുകളാമണുള്ളത്. ആയതിന് 3938/- രൂപയാണ് പ്രതിമാസ വെള്ളക്കരം. ഇത് പഞ്ചായത്ത് കൃത്യമായി അടവാക്കുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ അടവാക്കാതിരുന്ന ഏതോ ബില്ലിന്റെ തുകയും അതിന്റെ മാസം തോറുമുള്ള പിഴപ്പലിശയുമാണ് വെള്ളക്കരക്കുടിശ്ശിക ഇത്രയും ഭീമമായ തുകയായി വർദ്ധിപ്പിച്ചിട്ടുള്ളത്.

വെള്ളക്കരക്കുടിശ്ശികയിനത്തിൽ 2019-20, വർഷത്തിൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ നല്കുന്ന വികസന ഫണ്ടിൽ നിന്നു 359714 രൂപ സോഴ്സിൽ നിന്നു കുറവ് വരുത്തിയിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഭീമമായ വെള്ളക്കരം തീർക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയോ ,സെക്രട്ടറിയോ വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകളോ, ചർച്ചയോ, തുടർനടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 01.10.2021 ൽ നല്കിയ 9ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ വാട്ടർ അതോറിറ്റിയുമായി വെള്ളക്കരക്കുടിശ്ശിക തീർപ്പാക്കുന്നതിന് അടിയന്തരമായി കത്തിടപാടുകൾ നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയോ ,സെക്രട്ടറിയോ അടിയന്തരമായി വാട്ടർ അതോറിറ്റി അധികാരികളുമായോ, സർക്കാർ തലത്തിലോ ബന്ധപ്പെട്ട് പഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ ബോദ്ധ്യപ്പെടുത്തി പലിശയും പിഴപ്പലിശയും ഒഴിവാക്കി തരുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ ഫണ്ടുകളെ മാത്രം ആശ്രയിക്കുന്ന പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക കിഴിവ് ചെയ്യുന്നത് വികസന പ്രവർത്തനങ്ങൾക്ക് പ്രതികൂലാവസ്ഥ സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. ആയതിനാൽ ഈ വിഷയത്തിന്മേൽ പഞ്ചായത്ത് കമ്മറ്റി അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-20 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ – ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിപ്രകാരം ഹോംകോയിൽ നിന്നും ലഭിക്കുവാനുള്ള 221650/- രൂപയുടെ മരുന്ന് നാളിതുവരെയും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് / നം	ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ / 82/20-21
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ), പോത്താനിക്കാട്
അടങ്കൽ തുക	250000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം)
ചെലവഴിച്ച തുക	250000/-
ബിൽ നം./തീയ്യതി	1/2020-21 / 21-1-2021

മേൽ വിവരിച്ച പദ്ധതി പ്രകാരം 2,50,000/- രൂപ ഹോംകോക്ക് ബാങ്ക് ട്രാൻസ്ഫർ മുഖേന 21-1-2021ൽ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും 22-5-2021 ലെ ടാക്സ് ഇൻവോയിസ് നം. LF 303 പ്രകാരം നാളിതുവരെ 28,350/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്, ബാക്കി 2,21,650/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/04.10.21), മരുന്ന് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഹോംകോയിലേക്ക് കത്ത് (കത്ത് നം.12/20-21) നൽകിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. മരുന്ന് ലഭ്യമാകുന്നത് വരെ ഈയിനത്തിൽ ചെലവവിച്ച 2,21,650/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-21 സോളാർ പവർ പ്ലാന്റ് - നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് അനർട്ടിന്റെ സഹകരണത്തോടെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/ പേര്	SO123/18, സ്ട്രീറ്റ് ലൈറ്റിനു വേണ്ടി സോളാർ പാനൽ സ്ഥാപിക്കൽ
അടങ്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 25,00,000 തനത് ഫണ്ട് - 140000 ആകെ - 2640000
ചെലവ്	2640000 ട്രഷറി ബിൽ നമ്പർ 37/2017-18/ 15.3.2018
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

അപാകതകൾ സംബന്ധിച്ച് 28.09.2021 ന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 2) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. ഡെപ്പോസിറ്റ് വർക്കായി നിർവ്വഹണ ചുമതല നൽകിയാൽ 3 ലക്ഷം രൂപ സബ്സിഡിയായി ലഭിക്കുമെന്നതിനാൽ അനർട്ടിനെ നിർവ്വഹണ ഏജൻസിയായി പഞ്ചായത്ത് കമ്മറ്റി 25.11.2017 1(1) നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുത്തു. എന്നാൽ അനർട്ടിന്റെ 25.05.2018 ലെ 54/Dp.W/അനർട്ട് (ഇകെഎം)/2018 കത്ത് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി പഞ്ചായത്തിന് ലഭിക്കുന്നതല്ല. സബ്സിഡി ലഭിക്കും എന്ന കാരണത്താൽ ഓപ്പൺ ടെണ്ടർ നടപടി ഒഴിവാക്കിയതിനാൽ ടെണ്ടർ തുകയിൽ കുറവ് ലഭിക്കാനുള്ള അവസരം പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിലെ കാലതാമസം മൂലമാണ് സബ്സിഡി തുക ലഭിക്കാതിരുന്നതെന്നും പദ്ധതി കമ്മീഷൻ ചെയ്ത ശുപാർശ കേന്ദ്ര സർക്കാരിന് അയക്കുന്ന മുറക്ക് സബ്സിഡി ലഭിക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ നാളിതു വരെ സബ്സിഡി ലഭിച്ചിട്ടില്ല. സബ്സിഡി ലഭിക്കുന്നതിന് 14.09.2021 ന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടിയിൽ അറിയിച്ചു.

2. അനർട്ടും പഞ്ചായത്തും തമ്മിൽ 19.6.2018 ന് ഒപ്പിട്ട കരാറിലെ വ്യവസ്ഥ (നമ്പർ 4) പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 6 മാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകുന്നതാണ്. എന്നാൽ അനർട്ടിന്റെ സാക്ഷ്യപത്ര പ്രകാരം 12.07.2019 നാണ് പദ്ധതി പൂർത്തിയാക്കിയത്. കരാർ പ്രകാരമുള്ള സമയപരിധിയിൽ പദ്ധതി പൂർത്തിയാക്കാത്തതിന് അനർട്ടിൽ നിന്ന് വിശദീകരണം ലഭ്യമായിട്ടില്ല.

3. 20.02.20 ലെ 54/SPP/Dp.W/ANERT(EKM)2017 പ്രകാരം അനർട്ട് പദ്ധതി ചെലവും ധന വിനിയോഗ സാക്ഷ്യ പത്രവും സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം 1791085 രൂപ ചെല്വഴിച്ചതായും 848915 രൂപ തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടക്കുകയും ചെയ്തു.തനത് ഫണ്ടിന് വളരെയധികം ബുദ്ധിമുട്ടുന്നതിനാൽ തനത് ഫണ്ട് ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്ത 140000 രൂപ റീകുപ്പ് ചെയ്ത് മുതൽ കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 9/10/20(3) പ്രകാരം തീരുമാനിച്ചു. തിരികെ ലഭിച്ച തുക 2021-22 വർഷത്തെ പദ്ധതി നടത്തിപ്പിന് അനുവദിച്ച് കിട്ടുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടിയിൽ അറിയിച്ചു.

തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-22 കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം

ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി.റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി FLTC, DCC, സാമൂഹ്യഅടുക്കള എന്നിവ പ്രവർത്തിച്ചിരുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

വർഷം	പ്രവർത്തന കാലയളവ്	ചെലവഴിച്ച തുക	ഫണ്ടിനം	നിവവിലെ അവസ്ഥ
2020	സാമൂഹ്യ അടുക്കള, താജ് ഹോട്ടൽ	49490	തനത് ഫണ്ട്	നിവവിൽ പ്രവർത്തിക്കുന്നില്ല
2020	സി.എഫ്.എൽ.ടി.സി., ഗ്രേസ് ഓഡിറ്റോറിയം	254587	പ്ലാൻ, തനത്, സ്പോൺസർഷിപ്പ്, ഡി.ഡി.എം.എ. ഫണ്ട്	നിലവിൽ പ്രവർത്തിക്കുന്നില്ല
2021	ഡി.സി.സി., ഗവ.എൽ.പി. സ്കൂൾ, പോത്താനിക്കാട്	523301	പ്ലാൻ ഫണ്ട്	നിലവിൽ പ്രവർത്തിക്കുന്നില്ല

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പോത്താനിക്കാട് ഗ്രേസ് ഓഡിറ്റോറിയത്തിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ (സി എഫ് എൽ റ്റി സി) പ്രവർത്തന സജ്ജമാക്കി.എന്നാൽ പ്രസ്തുത കെട്ടിടത്തിൽ സി എഫ് എൽ റ്റി സി പ്രവർത്തനം ആരംഭിച്ചില്ല. രോഗികളെ പ്രവേശിപ്പിക്കുകയോ ചികിത്സ നടത്തുകയോ ചെയ്തില്ല. പിന്നീട് ഡി സി സി ആരംഭിക്കുകയും പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം ഡി സി സി പോത്താനിക്കാട് ഗവ:എൽ പി സ്കൂളിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.അസി:എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് നം SO152/21പ്രകാരം 120663 രൂപയുടെ സിവിൽ വർക്കുകൾ ചെയ്തിട്ടുണ്ട്. നിർമ്മിതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് 2019-2020, 2020-2021 കാലഘട്ടത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഫണ്ടിനം	നടത്തിയിരുന്ന പ്രവർത്തനത്തിന്റെ സംക്ഷിപ്തം
2020	കമ്മ്യൂണിറ്റി കിച്ചൻ	49490	തനത്	ലോക് ഡൗൺ കാലയളവിൽ 50 പൊതി ഭക്ഷണം വിതരണം ചെയ്തു.
2020	അസിസ്റ്റന്റ് എഞ്ചിനീയർ	135143	പ്ലാൻ	സി എഫ് എൽ ടി സി സിവിൽ വർക്കുകൾ
2020	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	100000	തനത് , ജില്ലാ പഞ്ചായത്ത്	
2020	മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.	31100	പ്ലാൻ	
2020	കോവിഡ് പ്രതിരോധം, ഡി.സി.സി.	52330		10.05.2021 മുതൽ30.06.2021 വരെ ഡി.സി.സി. പ്രവർത്തിച്ചു. രോഗികൾ ഇല്ലാത്തതിനാൽ പ്രവർത്തനം താൽക്കാലികമായി അവസാനിപ്പിച്ചു.

3. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മറ്റ് ധനസ്രോതസ്സുകൾ ഉപയോഗിച്ച് ആംബുലൻസ് , മറ്റ വാഹനങ്ങൾ എന്നിവ വാങ്ങിയിട്ടില്ല.

4. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലോ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലോ ദിവസവേതനാടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടില്ല.

5. പ്രത്യേക പരിഗണന നല്കേണ്ടവരുടെ സുരക്ഷക്കും, കരുതലിനുമായി ഹെൽപ്പ് ഡെസ്ക്ക് രൂപീകരിക്കുകയും സേവനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

1-23 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ്,പെർമിറ്റ് ഫീസ് , ക്രമവൽക്കരണഫീസ് എന്നീ

ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 1,210/-രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിരിക്കുന്നു .

1) ലൈസൻസ് ഫീസ്

സ്ഥാപന ഉടമയുടെ പേര് /മൂലധന നിക്ഷേപം	സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം	ഈടാക്കിയ ഫീസ് / രസീത് നം/തീയതി
ടി.സി മാണി , കല്ലട	വിറക് കച്ചവടം	700/- 121030100912/7.10.21

2) പെർമിറ്റ് ഫീസ്

ക്രമ നം	ഉടമസ്ഥന്റെ പേര്	പെർമിറ്റ് ഫീ ഈടാക്കിയത്/ രസീത് നം
1	കുര്യാക്കോസ് പുത്തൻപുരയിൽ	288/- 121030100873/4.10.21
2	ബേസിൽ.എളേക്കാട്	122/- 121030100886/5.10.21
	ആകെ	410/-

3) ക്രമവൽക്കരണ ഫീസ്

ക്രമ നം	ഉടമസ്ഥന്റെ പേര്	തുക/രസീത് നം/തീയതി
1	മത്തായി ജോസഫ്	39/- 121030100874/4.1021
2	ആബ്രഹാം കുരുവിള, ചിരയേൽ	24/- 121030100875/4.10.21
3	അബു.കെ.എം. /	37/- 12103100868/4.10.21
	ആകെ	100/-

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	2020-21	400000	പ്രോ.നം.18/21,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	400000

		659961	പ്രോ.നം.14/21,ലൈഫ് ഭവന പദ്ധതി	659961
		175000	പ്രോ.നം.74/21,ഭിന്നശേഷിക്കാർക്കുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	175000
		100000	പ്രോ.നം.19/21,ലൈഫ്ഭവന പദ്ധതി.	100000
ജില്ലാ പഞ്ചായത്ത്	2020-21	66113	പ്രോ.നം.16/21,നെല്ല് കൃഷിക്കുള്ള കൂലിച്ചെലവ്	66113
		100000	പ്രോ.നം.18/21,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	100000
		43925	പ്രോ.നം.74/21,ഭിന്നശേഷിക്കാർക്കുള്ള വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ്	43925
		600000	പ്രോ.നം.19/21,ലൈഫ് ഭവന പദ്ധതി.	600000
		225000	പ്രോ.നം.142/21,ലൈഫ് ഭവന പദ്ധതി –സ്ഥലം വാങ്ങൽ	225000
		156000	പ്രോ.നം.175/21,ലൈഫ് ഭവന പദ്ധതി –സ്ഥലം വാങ്ങൽ(ട്രി.എസ്.പി)	156000

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി തുക
കേരള വാട്ടർ അതോറിറ്റി	പ്രോജക്ട് നം 158/21 കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ	5,40,000	0	5,40,000
കെ.എസ്.ഇ.ബി	പ്രോജക്ട് നം 135/21 തെരുവ് വിളക്ക് ലൈൻ വലിക്കൽ	1,99,956	0	1,99,956

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7600000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിനെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
		76,00,000	28,74,578	3,95,176	0	1,00,79,402

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 7652/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ / തീയതി
2017-18	2-7	75	ജോബി വർഗ്ഗീസ് ഉന്നത്തുംവീട്ടിൽ	120030101964 03.30.2021
2017-18	2-2	500	ബ്ലെന്നി വർഗ്ഗീസ്, ചീരക്കത്തോട്ടത്തിൽ	120030100481 22.07.2020
0	കെ.എസ്.എ.ഇ.കെ.എം.(പെൻ2) 1058/20 കത്ത് പ്രകാരം	5,827	സുജിവ് മാത്യു, സീനിയർ ക്ലർക്ക്, വാളകം ഗ്രാമപഞ്ചായത്ത്	120030101671 09.02.2021
2018-19	1-13	1,250	സെക്രട്ടറി, പി.ഡി.ഡി.പി സൊസൈറ്റി, പറമ്പഞ്ചേരി	120030100584 13.08.2020

മേൽ തുക വാർഷിക ധനകാര്യപത്രികയിലെ പ്രിയോർ പിരിയഡ് ഇൻകത്തിൽ ഉൾപ്പെട്ടിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998 മുതൽ 2001-20 വരെയുള്ള പദ്ധതി ചെലവ്	20	2014-15	3.7.1.9.3	ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - അപാകത	WP(Civil) 18345/2008 നമ്പർ കേസിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് ബഹു.കോടതി വിധിച്ചു. ആയതിന്മേൽ പഞ്ചായത്ത് അപ്പീൽ ഫയൽ ചെയ്തു.

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	4,65,13,797
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,72,21,684
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,21,650

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഉത്തരവാദിയായ ആളുടെ സ്ഥിരമായ മേൽ വിലാസം
1-20	221650	ഡോ. സീനമോൾ മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ. സീനമോൾ, സോപാനം, അമ്പലംപടി, മേക്കാട് , മുവാറ്റുപുഴ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

4-11 തീർപ്പാക്കനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ.എഫ്.ഇ(പി1) 89/98 തീ. 04.01.1999
1997-98	എൽ.എഫ്.ഇ (പി1)1148/98 തീ. 04.01.1999
1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ്	എൽ.എഫ്.ഇ(പി1) 72/2004 തീ. 13.09.2004
2001-2002 പദ്ധതി ചെലവ്	എൽ.എഫ്.ഇ(പി1) 1610/2009 തീ. 23.07.10
2002-2003	എൽ.എഫ്.ഇ(പി7) 1611/2009 തീ. 23.07.10
2003-2004	എൽ.എഫ്.ഇ(പി7) 1612/2009 തീ. 23.07.10
2004-2005	എൽ.എഫ്.ഇ(പി7) 1613/2009 തീ. 23.07.10
2005-2006	എൽ.എഫ്.ഇ(പി7) 1614/2009 തീ. 23.07.10

2006-2007	എൽ.എഫ്.ഇ(പി7) 916/2011തീ. 26.12.2011
2007-2008	എൽ.എഫ്.ഇ(പി7) 916(എ)/2011തീ.26.12.2011
2008-2009 മുതൽ 2010-2011 വരെ	എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013
2011-2012	എൽ.എഫ്.ഇ(പി7) 1589/2014 തീ.05.11.14/12.12.2014
2012-13 & 2013-14	കെ.എസ്.എ.ഇ.കെ.എം(പി7) 495/15 തീ. 22.05.2015/ 17.07.15
2014-15	കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016
2015-16	കെ.എസ്.എ.ഇ.കെ.എം (പി14)77/17 തീ. 31.01.17
2016-17	കെ.എസ്.എ.ഇ.കെ.എം (പി14)1495/17 തീ. 14.09.17
2017-18	നം.കെ.എസ്.എ.ഇകെഎം(പി14)131/2019 തീ.12.03.2019
2018-19	നം.കെ.എസ്.എ.ഇകെഎം(പി14)278/2020 തീ.11.03.2020
2019-20	നം.കെ.എസ്.എ.ഇകെഎം(പി14)1383/2020 തീ.10.11.2021

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്